# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം
**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.124 02.05.2017 ൽ മറുപടിയ്ക്ക്**

**സമാന്തര സർവ്വീസ് വാഹനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ. കെ. ദാസൻ<br>ശ്രീ. കെ. ആൻസലൻ<br>ശ്രീ.കെ.ഡി. പ്രസേനൻ | | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | സമാന്തര സർവ്വീസ് വാഹനങ്ങളും പെർമിറ്റുള്ള സ്റ്റേജ് കാരിയേജ് വാഹനങ്ങളും കെ.എസ്.ആർ.ടി.സി. ബസ്സുകൾക്കു തൊട്ടു മുൻപായി സർവ്വീസ് നടത്തി നിരവധി ഷെഡ്യൂളുകൾ നഷ്ടത്തിലാക്കുന്നതു തടയാൻ ഗതാഗത വകുപ്പ് കർശന നടപടിയെടുക്കുമോ; | (എ) | സംസ്ഥാനത്ത് അനധികൃത സർവ്വീസ് നടത്തുന്ന സമാന്തര വാഹനങ്ങൾക്കെതിരെ കർശന നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. ഇതിന്റെ ഭാഗമായി എ.എം.വി.ഐ. മാരുടെ സേവനം കെ.എസ്.ആർ റ്റി സി രൂപീകരിച്ചിട്ടുള്ള പ്രത്യേക സ്ക്വാഡിന്റെ പ്രവർത്തനങ്ങൾക്കായി നൽകിയിട്ടുണ്ട്. പെർമിറ്റുള്ള സ്റ്റേജ് കാര്യേജുകളുടെ സമയം സംബന്ധിച്ചുള്ള കെ എസ്,ആർ റ്റി സിയുടെ പരാതിയിൻ മേൽ റീജിയണൽ ട്രാൻസ് പോർട്ട് ഓഫീസർമാർ അനുകൂലമായ നടപടികൾ സ്വീകരിക്കാറുണ്ട്. സമയക്രമം തെറ്റിച്ച് കെ. എസ്. ആർ. റ്റി. സി. ബസ് സ്റ്റേഷനുകൾക്ക് മുന്നിൽ സർവ്വീസ് നടത്തുന്ന സ്വകാര്യ സ്റ്റേജ് കാര്യേജ് വാഹനങ്ങൾക്ക് എതിരെ കർശനമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. 2017-ൽ തിരുവനന്തപുരത്ത് നടത്തിയ പരിശോധനയിൽ സമാന്തര സർവ്വീസ് നടത്തിയ 146 വാഹനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും 46 വാഹനങ്ങൾ പിടിച്ചെടുക്കുകയും 73,000/- രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 14/02/2017-ന് |

| | | | |
|---|---|---|---|
| | | | വാഹനങ്ങൾക്കെതിരെ മോട്ടോർവാഹന വകുപ്പ് നിയമാനുസൃത നടപടികൾ സ്വീകരിക്കാറുണ്ട്. കരാർ വാഹനങ്ങൾ കേന്ദ്ര മോട്ടോർവാഹന നിയമങ്ങളിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് വകുപ്പ് പരിശോധിക്കാറുമുണ്ട്. |

സെക്ഷൻ ഓഫീസർ